DESPATCHED
On. 16/2/23.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം

**തിരുവനന്തപുരം 695 001**
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP. 290*(2)/2022*/എസ്.ഐ.സി തീർപ്പ് കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ 5336/എസ്.ഐ.സി-ജി6/2022)**

**സന്നിഹിതൻ**
**ഡോ. കെ. എൽ. വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ഡോണി കുര്യൻ,
കല്ലറ ചെമ്പകശ്ശേരി,
മാനാമ്പുഴ (പി.ഒ), ഏഴാംമൈൽ,
പത്തനംതിട്ട - 691 553.
} ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ജൂനിയർ സൂപ്രണ്ട്, വിളക്കുടി ഗ്രാമപഞ്ചായത്ത്, കുന്നിക്കോട് (പി.ഒ), കൊല്ലം - 691 508.
2. അപ്പീൽ അധികാരി & പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ, പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്- 2, മിനി സിവിൽ സ്റ്റേഷൻ, കൊട്ടാരക്കര, കൊല്ലം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 30/10/2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 24/11/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 27/12/2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 19/01/2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 30/03/2022 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 01/04/2022 |
| ഹിയറിംഗ് നടന്ന തീയതി :<br>സ്ഥലം : | 29/12/2022<br>കോൺഫറൻസ് ഹാൾ, കൊല്ലം കളക്ടറേറ്റ്. |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പ പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. ഡോണി കര്യൻ 30/03/2022 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 01/04/2022 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP No. 290(2)/2022/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും, ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 30/10/2021 തീയതി സമർപ്പിച്ച അപേക്ഷയിൽ 120/1/2/6 സർവ്വേ സബ് ഡിവിഷൻ നമ്പർ ഭൂമിയിലെ വിളക്കുടി ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്ററിൽ പള്ളി വക വഴി എന്ന പേരിൽ ഒരു വഴി ഉൾപ്പെട്ടതുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന വിവരങ്ങളാണ് ആവശ്യപ്പെട്ടത്:

1. പ്രസ്തുത വസ്തു പള്ളി വക അല്ലാതിരിക്കെ എങ്ങനെയാണ് പഞ്ചായത്ത് പള്ളി വക വഴി എന്ന പേരിൽ ടി വഴി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതെന്നും
2. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഒരു പ്രൊപ്പർട്ടി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ നിയമവശാൽ എങ്ങനെയാണെന്നും
3. ടി വഴി ടിയാന്റെയും അനുജന്റെയും പ്രോപ്പേർട്ടിയിൽ വരുന്നതാണ് എന്ന് സ്റ്റോപ്പ് മെമ്മോ-ക്ക് മറുപടി വക്കീൽ നോട്ടീസ് ആയി അയക്കുകയും,സ്റ്റോപ്പ് മെമ്മോ പിൻ വലിക്കണം എന്ന് അതിൽ ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഇതിന്മേൽ സ്വീകരിച്ച നടപടികൾ ലഭ്യമാക്കണമെന്നാണ്.

മേൽപ്പടി അപേക്ഷയ്ക്ക് 24/11/2021-ന് എതിർകക്ഷി ഹർജിക്കാരന് മറുപടിയും നൽകിയിട്ടുണ്ട്.

4. 27/12/2021 തീയതി ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിക്ക് 19/01/2022-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 21/04/2022 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്, ഹർജിക്കാരൻ ടി കാര്യാലയത്തിൽ സമർപ്പിച്ച ഒന്നാം അപ്പീൽ അപേക്ഷ, ടിയാൻ വിളക്കുടി ഗ്രാമപഞ്ചായത്ത് എസ്.പി.ഐ.ഒ മുമ്പാകെ വിവരങ്ങൾ ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ, എസ്.പി.ഐ.ഒ-യുടെ റിപ്പോർട്ട് എന്നിവ പരിശോധിച്ചതിൽ വിവരാവകാശ അപേക്ഷയിലെ ഒന്നാം ചോദ്യമായ പ്രസ്തുത വഴി പള്ളിവക അല്ലാതിരിക്കെ എങ്ങനെയാണ് പഞ്ചായത്ത് പള്ളിവക വഴി എന്ന പേരിൽ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയത് എന്നതിന് ഓഫീസിൽ ലഭ്യമല്ലാത്ത ഒരു വിവരമാണിതെന്നും ആയതിനാൽ ടി ചോദ്യം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല എന്ന വിവരം അറിയിച്ചു കൊണ്ടുള്ള മറുപടിയാണ് വിളക്കുടി ഗ്രാമപഞ്ചായത്ത് എസ്.പി.ഐ.ഒ നൽകിയതെന്നുമാണ്. ടി റോഡിന് പള്ളിവക റോഡ് എന്ന പേര് നൽകിയതുമായി ബന്ധപ്പെട്ട രേഖകളോ ഫയലുകളോ ഒന്നും തന്നെ ലഭ്യമല്ലാത്തതും ചോദ്യത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള വഴി പള്ളിവക റോഡ് എന്ന പേരിൽ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലാത്തതും എന്നാൽ ടി റോഡ് ചിത്രപുരി പള്ളി റോഡ് എന്ന പേരിൽ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് എസ്.പി.ഐ.ഒ ഹിയറിംഗിൽ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ടി റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ച രേഖകളോ ഫയലുകളോ ലഭ്യമാണോ എന്ന് പരിശോധിച്ച് ഒന്നാം ചോദ്യത്തിന് അപ്രകാരം മറുപടി നൽകുന്നതിന് നിർദ്ദേശിച്ച് അപ്പീൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണെന്നും പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഒരു വസ്തു ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ നിയമവശാൽ എങ്ങനെയാണ് എന്ന രണ്ടാം ചോദ്യത്തിന് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച നിർമ്മിച്ച റോഡ് ആയതിനാലാണ് ടി റോഡ് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്നതെന്നുള്ള മറുപടിയാണ് നൽകിയത്. എന്നാൽ രണ്ടാം ചോദ്യം സംശയനിവാരണം ആയതിനാൽ വിവരം എന്ന നിർവചനത്തിൽ വരില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും രണ്ടാം ചോദ്യത്തിന് അപ്രകാരം മറുപടി നൽകുന്നതിന് നിർദ്ദേശിച്ച് അപ്പീൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണെന്നുമാണ്. ആയതിനാൽ ക്രമ നമ്പർ 1, 2 ചോദ്യങ്ങൾക്ക് മേൽ നിർദ്ദേശ പ്രകാരമുള്ള മറുപടി ഏഴ് ദിവസത്തിനകം ഹർജി കക്ഷിയ്ക്ക് അയച്ച് നൽകുന്നതിന് എസ്.പി.ഐ.ഒ-യ്ക്ക് നിർദ്ദേശം നൽകിക്കൊണ്ടും ടി കാര്യാലയത്തിൽ സമർപ്പിച്ച ഒന്നാം അപ്പീൽ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും 21/04/2022-ൽ രണ്ടാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ട് കമ്മീഷൻ അംഗീകരിയ്ക്കുന്നു.

7. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2023 ജനുവരി 30-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**
**ഡോ. കെ.എൽ. വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

AV